


# NEW SCHOOL

Scanned with OKEN Scanner

# വിദ്യാലയ ചരിത്രം

## എ.വി.എം. എൽ.പി.എസ്. പാമ്പൂർ

പെരിങ്ങോട്ടുകര ദേശത്ത് പ്രശസ്തിയാർജിച്ച ആവണങ്ങാട്ടു കുടുംബം വക സ്ഥാപിതമായ പാമ്പൂർ എ.വി.എം.എൽ.പി.സ്കൂളിന്റെ ചരിത്രമാണ് ബഹുമാന്യസദസ്സിനു മുൻപിൽ ഞാൻ അവതരിപ്പിക്കുന്നത് .

ആദ്യമായി പാമ്പൂരിൽ ഈ സരസ്വതിക്ഷേത്രം ആരംഭിക്കാനിടയായ സാഹചര്യം നമുക്കൊന്ന് കണ്ണോടിക്കാം.

പ്രിയപ്പെട്ടവരെ, 1964 വരെ പാമ്പൂരിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. അന്ന് വരെ കുറ്റൂരിലെ സർക്കാർ സ്കൂളിലാണ് പാമ്പൂർ ദേശത്തുള്ളവർ പ്രാഥമിക വിദ്യാഭ്യാസം നേടുവാൻ ആയി എത്തിയിരുന്നത്.

വാഹന സൗകര്യം ഇല്ലായ്മയിൽ വീടുകളിലെ സാമ്പത്തിക പരാധീനതയും പലരുടെയും വിദ്യാഭ്യാസത്തിന് തടസ്സമായി മാറി. പലർക്കും പരമ്പരാഗത തൊഴിലിൽ ഏർപ്പെടേണ്ടി വന്നു. അതുകൊണ്ട് തന്നെ ദേശത്ത് ഉയർന്ന വിദ്യാഭ്യാസം നേടിയവർ താരതമ്യേന കുറവായിരുന്നു.

വിദ്യാഭ്യാസ ത്തിനുള്ള ഈ കഷ്ടപ്പാടിന് അതിജീവിക്കണമെന്ന നാട്ടിലെ കുറച്ച് ചെറുപ്പക്കാരുടെ ആഗ്രഹത്തിന്റെ പരിണിതഫലമാണ് പാമ്പൂരിലെ എ.വി.എം.എൽ.പി.സ്കൂൾ.

പാമ്പൂരിൽ ഒരു സ്കൂൾ സ്ഥാപിക്കുക അന്നത്തെ സാഹചര്യത്തിൽ എളുപ്പമുള്ള കാര്യം ആയിരുന്നില്ല. ഏതെങ്കിലും സുമനസ്സ് വിചാരിച്ചാൽ മാത്രമേ ഇക്കാര്യം നടക്കുമായിരുന്നുള്ളൂ.

അത്തരം ഒരു സജീവചർച്ചയിൽ ഉദാരമതികളായ പെരിങ്ങോട്ടുകര ആവണങ്ങാട്ടു കളരിയെ കുറിച്ച് പരാമർശം ഉണ്ടായി. പാമ്പൂർ ദേശത്ത് ആ കുടുംബത്തിന്റെ വക ധാരാളം സ്ഥലം കിടപ്പുണ്ടായിരുന്നു. ഇതിനെ തുടർന്ന് പെരിങ്ങോട്ടുകര പോയി അവണങ്ങാട്ടു കളരിയിലെ അന്നത്തെ കാരണവ രായ എ.വി.സുബ്രഹ്മണ്യ പണിക്കരെ കണ്ടു കാര്യം ബോധിപ്പിച്ചു വിദ്യാ ഭ്യാസപരമായ പൊതു കാര്യം ആയതിനാൽ അദ്ദേഹം ആ ആശയത്തെ സന്തോഷപൂർവ്വം സ്വീകരിച്ചു. തുടർന്ന് സ്കൂൾ തുടങ്ങുന്നതിനുള്ള പ്രവർ ത്തനം ആരംഭിച്ചു. വെളുത്താത്ത് കൃഷ്ണൻ കുട്ടി എഴുത്തച്ഛൻ, മുരിയാടാൻ ഔസേപ്പ്, വെളുത്താത്ത് ഗോവിന്ദൻ എഴുത്തച്ഛൻ, തോപ്പിൽ കൃഷ്ണൻ കുട്ടി,

Scanned with OKEN Scanner

പടിക്കല തോമസ്, വെളുത്താത്ത് വാസു എഴുത്തച്ഛൻ, വട്ടപ്പറമ്പിൽ ചന്ദ്രൻ എഴുത്തച്ഛൻ, ചിറയത്ത് രാഘവൻ, താളൂപ്പാടൻ പൈലോത് തുടങ്ങിയവർ അടങ്ങിയ സ്കൂൾ ഉപദേശക സമിതി സ്ഥാപിതമായി. സ്കൂളിന്റെ നിർമ്മാണ ചിലവുകൾ മുഴുവനായി വഹിച്ചത് ആവണങ്ങാട്ട് കുടുംബം തന്നെയാണ്. അങ്ങനെ ശ്രീ സുബ്രഹ്മണ്യപണിക്കർ പ്രഥമ മാനേജരായി 1964 ജൂൺ 1 ന് സ്കൂൾ പ്രവർത്തനം ആരംഭിച്ചു.

ശ്രീ സുബ്രഹ്മണ്യപണിക്കരുടെ അച്ഛനായ ശ്രീ വേലായുധ പണിക്കരുടെ സ്മരണക്കായാണ് സ്കൂൾ സമർപ്പിച്ചത്. ആവണങ്ങാട്ട് വേലായുധൻ മെമ്മോറിയൽ ലോവർ പ്രൈമറി എന്നതിന്റെ സംക്ഷിപ്ത രൂപമാണ് എ വി എം എൽ പി .

അധ്യാപന രംഗത്ത് നിന്നും വിരമിച്ചിരുന്ന ചെറുവത്തേരി സ്വദേശി ശ്രീ ഗോവിന്ദൻ മാസ്റ്ററെയാണ് ആദ്യ പ്രധാനാധ്യാപകനായി നിയമിച്ചത്. മൂന്ന് ഒന്നാം ക്ലാസും ഒരു രണ്ടാം ക്ലാസ്സുമായാണ് 1964 ൽ വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്. ഒന്നാം ക്ലാസ്സിൽ 116 കുട്ടികളാണ് ഉണ്ടായിരുന്നത്

ശ്രീ.എ.വി.സുബ്രമണ്യപണിക്കർ, അഡ്വ. എ എസ് ഉണ്ണി പണിക്കർ, അഡ്വ.എ.ആർ.ഉണ്ണികൃഷ്ണ പണിക്കർ, ശ്രീ.എ എസ്.വേണുഗോപാലപണിക്കർ എന്നിവരാണ് സ്കൂളിന്റെ മുൻമാനേജർമാർ ഇപ്പോഴത്തെ സ്കൂൾ മാനേജ രായ അഡ്വ. എ.യു.രഘുരാമപണിക്കർ 2006 ലാണ് മാനേജർ സ്ഥാനം ഏറ്റെടുത്തത്.

കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പ് വരുത്താനുതകുന്ന ബഹുമുഖപുരോഗതിക്കായി നൂതന സൗകര്യങ്ങളോ ടെയുള്ള ഒരു മികച്ച വിദ്യാലയം മാനേജ്മെന്റ് ഇന്ന് പാമ്പൂർദേശത്ത് ഒരുക്കിയിരിക്കുന്നു. വിദ്യാർത്ഥികളുടെയും അധ്യാപക രുടെയും പൂർണ സഹകരണത്തോടെ സർവോപരി മാനേജ്മെന്റ്ഇന്റെ മികച്ച പിന്തുണയോ ടെയും കുടി സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു വരുന്നു.

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർപ്ലാൻ കാഴ്ചപ്പാട് , ലക്ഷ്യങ്ങൾ

## ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹികപുരോഗതിയാണ് നാം ലക്ഷ്യം വെക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹനിർമിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകല്പന ചെയ്യേണ്ടതുണ്ട്. മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി 2015 ൽ യു.എൻ സുസ്ഥിരവികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവചിക്കുകയും ചെയ്തു. ദാരിദ്ര്യ ഇല്ലായ്മ, വിശപ്പു രഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗ സമത്വം തുടങ്ങിയ 17 സൂചികകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാറ്റിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന സൂചകത്തിന് 10 ലക്ഷ്യങ്ങളും നിർവചിച്ചിട്ടുണ്ട്. അനുബന്ധം നോക്കുക. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റ ദൗത്യം.

## ലക്ഷ്യങ്ങൾ

1. ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദികരമാക്കുന്നു
2. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു
3. വിദ്യാർഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപ്പെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു
4. വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങൾ ആയ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർഥികൾക്കും ഒരു പോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു
5. സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം എന്നിവ വിദ്യാർഥി സൗഹൃദമായി രൂപകല്പന ചെയ്യുകയും വിദ്യാർഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു

Scanned with OKEN Scanner

6. ഓരോ അധ്യപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു
7. വിദ്യാർഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും. ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

<u>പരിഗണിക്കേണ്ട മേഖലകൾ</u>

- പാഠ്യപദ്ധതി വിനിമയം
- പഠനാന്തരീക്ഷം
- അധ്യപകർ
- ഭൗതിക സാഹചര്യം
- സാമൂഹ്യ ഇടപെടലുകൾ
- പഠനാന്തരീക്ഷം

<u>മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് താഴെ പറയുന്ന ഉപഘടകങ്ങൾ പരിഗണിക്കാവുന്നതാണ്.</u>

- ക്ലാസ് മുറികളുടെ സജ്ജീകരണം
- ക്ലാസ് മുറികളിലെ ജനാധിപത്യം , അവസര സമത്വം , സ്വതന്ത്ര ചിന്ത , ലിംഗ സമത്വം എല്ലാ വിഭാഗം കുട്ടികളെയും ഉൾകൊള്ളുന്ന അന്തരീക്ഷം
- അനുയോജ്യമായ പഠനോപകരണങ്ങൾ
- അധ്യപക - വിദ്യാർത്ഥി ബന്ധം
- ആധുനിക സാങ്കേതിക വിദ്യയുടെ ലഭ്യതയും ഉപയോഗവും
- ക്ലാസ്സിന് അനുയോജ്യവും അനുരൂപീകരിച്ചതുമായ ലൈബ്രറികൾ, ലബോറട്ടറികൾ ജൈവ വൈവിധ്യ ഉദ്യാനം
- കളിസ്ഥലവും കാളിയുപകരണങ്ങളും
- ആവശ്യമായ എണ്ണം ക്ലാസ് മുറികൾ (സ്മാർട്ട് ക്ലാസ് മുറി) ഭിന്നശേഷി
- സ്കൂൾ പാർലിമെൻറ്, സ്കൗട്ട്, എൻ.സി.സി, എസ്.പി.സി, ജെ.ആർ.സി. തുടങ്ങിയ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം

<u>ഭൗതികസാഹചര്യം</u>

**മികവിൻറെ കേന്ദ്രമായി മാറുന്നതിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ നമ്മുടെ വിദ്യാലയത്തിൽ ഉണ്ടോ എന്ന് വിലയിരുത്തുന്നതിന് താഴെ പറയുന്ന ഘടകങ്ങൾ പരിശോധിക്കണം.**

Scanned with OKEN Scanner

- പരിസ്ഥിതി സൗഹൃദ-വിദ്യാർത്ഥി സൗഹൃദസ്കൂൾ-ക്ലാസ് അന്തരീക്ഷം
- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ലബോറട്ടറികൾ
- ഓരോ ക്ലാസിനും അനുയോജ്യമായ ലൈബ്രറികൾ
- കളിസ്ഥലവും കളിയുപകരണങ്ങളും
- മതിയായ എണ്ണം ശുചിമുറികൾ, ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകൾ , ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ
- ശുദ്ധ ജല ലഭ്യത
- വിദ്യാർത്ഥി സൗഹൃദ, ഭിന്നശേഷി സൗഹൃദഫർണിച്ചർ
- ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ
- ഗതാഗത സൗകര്യം
- സാമൂഹ്യ ഇടപെടലുകൾ
- സാമൂഹിക ഇടപെടലുകളുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ട ഘടകങ്ങൾ
- പി ടി എ
- എസ് എം സി
- മദർ പി ടി എ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
- പൂർവ്വ വിദ്യാർഥികൾ വിദ്യാലയ വികസന സമിതി
- വിവിധ വകുപ്പുകൾ സന്നദ്ധ സംഘടനകൾ
- പ്രാദേശിക വിദഗ്ധർ

<u>പുതിയ അക്കാദമിക ആവശ്യങ്ങൾ</u>

ഉദാഹരണങ്ങൾ

- പ്രീ പ്രൈമറി വിഭാഗം ശക്തിപ്പെടുത്തൽ
- സ്കൂൾ ലൈബ്രറി കൂടുതൽ പ്രയോജനകരമാക്കൽ
- സ്കൂൾ പരിസരം പരിസ്ഥിതി സൗഹൃദപരവും ആകർഷകവുമാക്കൽ
- ലാബ് സൗകര്യങ്ങൾ അക്കാദമിക ആവശ്യത്തിന് ഉതകും വിധം മെച്ചപ്പെടുത്തൽ
- കാർഷികവൃത്തിയോട് ആഭിമുഖ്യം വളർത്തുന്നതിനുള്ള പദ്ധതി തുടങ്ങിയവ

<u>പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങൾ</u>

- 1 മുതൽ 12 വരെയുള്ള ഓരോ ക്ലാസ്സിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക. ഒപ്പം, മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കാനാവശ്യമായ മൂല്യബോധം സൃഷ്ടിടിക്കപ്പെടും.

Scanned with OKEN Scanner

- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസ ങ്ങൾ ഉണ്ടാക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർ തലത്തിലേക്ക് എത്തിക്കാനും പരിമിതികൾമ റികടക്കാനുമുള്ള അവസ ങ്ങൾ സൃഷ്ടിടിക്കുക.
- മികച്ച ശാരീരിക - മാനസിക - വൈകാരിക - ആരോഗ്യം ഉറപ്പാക്കു
- മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേ കൈവരിക്കാനാവശ്യമായ രീതി ശാസ്ത്രം വികസിപ്പിക്കുക.
- ആരോഗ്യകരമായ സ്ത്രീ - പുരുഷ ബന്ധത്തെ കുറിച്ചും തുല്യത കുറിച്ചും ലിംഗ സമത്വത്തെ കുറിച്ചുമുള്ള കാഴ്ചപ്പാട് സ്കൂ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങ രൂപപ്പെടുത്തുക.
- വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയുമുറപ്പാക്കാ ജനകീയ സംവിധാനങ്ങൾ ശക്തിപെടുത്തുക
- സംഘപഠനം ഉൾപ്പടെയുള്ള വൈവിധ്യമാർന്ന മാർഗങ്ങളിലൂടെ ആർജിക്കുന്ന അറിവുകളെയും കഴിവുകളെയും വ്യക്തിഗതമായി വിലയിരുത്തുന്ന രീതി അവലംബിക്കുക.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയ വിലയിരുത്ത ലിന്റെ അവിഭാജ്യഭാഗമാക്കി മാറ്റുക .
- പഠനത്തെ പരിസര ബന്ധിയും, ജീവിത ഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഓരോ സ്കൂൾ ക്യാമ്പസും ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുക.
- പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമാർജ്ജന അവബോധം, വിമർശന അവബോധം എന്നിവ ഉളവാകാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പടെ ആധു നിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പഠന പ്രവർത്തന ത്തിനായി വിനിയോഗിക്കുക.
- സമയബന്ധിതമായ ഉദ്യോഗസ്ഥതല മോണിറ്ററിംഗ് സംവിധാനം ഉറപ്പാ ക്കുക.

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ - എൽ പി വിഭാഗം

**ഭാഷ - മലയാളം**

- അക്ഷരങ്ങൾ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു.
- ചിഹ്നങ്ങൾ ചേർത്ത് എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു.
- പദങ്ങൾ കണ്ടെത്തൽ
- വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നു.
- ഭാഷാശേഷി വികസനം
- സർഗാത്മക രചനകൾക്കുള്ള അവസരം സൃഷ്ടിക്കുക
- കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുക
- കാവ്യാലാപനത്തിനുള്ള മികവ് വളർത്തുക.
- നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തൽ
- നമ്മുടെ മണ്ണിനെയും പ്രകൃതിയെയും മാതൃ ഭാഷയെ സ്നേഹിക്കുവാനുമുള്ള കഴിവ് നേടുക.

**ഭാഷ - ഇംഗ്ലീഷ്**

- ഇംഗ്ലീഷ് ഭാഷ കേട്ടു മനസിലാക്കാനുള്ള ശേഷി വളർത്തുന്നു.
- ഇംഗ്ലീഷ് ഭാഷ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു.
- സംഭാഷണം , വിവരണം, ഡയറി മുതലായവ തയ്യാറാക്കാനുള്ള ശേഷി വളർത്തുന്നു.

**ഗണിത ശാസ്ത്രം**

- സംഖ്യാബോധം വളർത്തൽ
- സ്ഥാന വില
- ചതുഷ് ക്രിയകൾ
- പ്രശ്ന പരിഹരണം
- ചതുഷ്ക്രിയകളിൽ പ്രാവീണ്യം ഉറപ്പിക്കൽ
- സ്ഥാനവില അനുസരിച്ച് സംഖ്യാ ബോധം വളർത്തൽ
- ഗണിത രൂപങ്ങളുടെ സവിശേഷതകൾ തിരിച്ചറിയൽ
- ദിനാചരണങ്ങൾ ഗണിതവുമായി ബന്ധപ്പെടുത്തൽ
- ഗണിതത്തോട് താൽപര്യം വളർത്തൽ

**പരിസരപഠനം**

- പരിസര നിരീക്ഷണം, പ്രകൃതി നിരീക്ഷണം എന്നി ശേഷികൾ വളർത്തൽ

Scanned with OKEN Scanner

- സാങ്കേതിക വിദ്യകൾ പരിചയപ്പെടൽ
- ശാസ്ത്രാഭിരുചി വളർത്തൽ, പരീക്ഷണങ്ങളിൽ ഏർപ്പെടൽ
- ശാസ്ത്രജ്ഞരെ പറ്റിയും കണ്ടുപിടുത്തങ്ങളെ പറ്റിയും അറിവ് നേടൽ
- പഠനോപകരണ നിർമ്മാണം
- ശാസ്ത്രബോധം വളർത്തൽ, പൊതുവിജ്ഞാനം ആർജ്ജിക്കൽ
- കേരള ചരിത്രം, ലോകചരിത്രം എന്നിവ മനസിലാക്കുന്നതിന്
- ഇന്ത്യൻ ഭരണഘടനയെ പറ്റി അറിവ് നേടൽ
- വ്യക്തി ശുചിത്വം , പരിസര ശുചിത്വം എന്നിവ ഉറപ്പിക്കൽ
- മാലിന്യ നിർമ്മാർജ്ജനം

Scanned with OKEN Scanner

## അക്കാദമിക പ്ലാൻ - Short Term - Malayalam

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. Pre-test ([illegible])<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥപറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ - ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. C.D-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ | 2 months<br>Aug-Sept | പുസ്തകങ്ങൾ<br>C.D | BRC<br>DIET<br>SCERT<br>P.T.A | [illegible] അക്ഷരങ്ങളും ചിഹ്നങ്ങളും പരിചയപ്പെടുത്തി. വാക്കുകൾ വായിക്കാനും ചിഹ്നം ചേർക്കാനുമുള്ള പ്രവർത്തനങ്ങളും തുടരുന്നുണ്ട്. |
| | | 14. ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | | | BRC<br>IED<br>Trainer<br>P.T.A | |

Scanned with OKEN Scanner

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാര-നാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തകചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാ-സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15. സാഹിത്യകാരന്മാരു-മായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീ കരണങ്ങളും വായനയും<br>17. ആസ്വാദകരമായ വായന<br>18. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ-വായന<br>20. പുസ്തകം ഒരുക്കൽ<br>21. വായനക്കൂട്ടം-മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം | 6 months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകര-ണങ്ങൾ<br>വായനാമുറി<br>ഇന്റർനെറ്റ് കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>P.T.A<br>BRC | |

Scanned with OKEN Scanner

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുക്കൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തകചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനക്കുറിപ്പ് പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>7. ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന സംഘ രചന<br>14. ഭാഷാ പ്രോജക്ട്<br>15. സാഹിത്യകാന്മാരുമായുള്ള സംവാദം, അഭിമുഖം<br>16. രചയിതാക്കളെ പരിചയപ്പെടൽ<br>17. സാഹിത്യ സാംസ്ക്കാരിക ചിത്രഗ്യാലറി | 6 months<br><br>Auditorium | ലൈബ്രറി<br><br>പുസ്തകങ്ങൾ<br><br>ജീവചരിത്ര പുസ്തകങ്ങൾ<br>ഗ്രന്ഥശാല<br><br>ഫോട്ടോകൾ<br>പുസ്തകങ്ങൾ | BRC<br>DIET<br><br>SCERT<br>P.T.A<br><br>BRC<br><br>ജനപ്രതിനിധി<br>P.T.A<br>Teachers | |

# Project - Malayalam

**ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) മികച്ചവായനക്കാരൻ (വായനക്കൂട്ടം) മികച്ച എഴുത്തുകാരൻ (എഴുത്തുകൂട്ടം)**

വായിച്ചുവളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒ രു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം.

__ലക്ഷ്യങ്ങൾ__

- എല്ലാവർക്കും എഴുത്തും വായനയും.
- വായനക്കൂട്ടം, എഴുത്ത് കൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാ സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ

__പ്രവർത്തനങ്ങൾ__

1. __മലയാളത്തിളക്കം (Pre-test)__

   പ്രീ-ടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരെ കണ്ടെത്തി.

2. __അക്ഷരം ഉറപ്പിക്കൽ (1 month)__

   ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3. __അടയാളങ്ങൾ ഉറപ്പിക്കൽ__

   ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

Scanned with OKEN Scanner

4. <u>അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്</u>

അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

5. <u>ചിത്രം - അടിക്കുറിപ്പ്</u>

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ - അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6. <u>കഥ - ബാക്കി പറയൽ - എഴുതൽ</u>

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്നു, എഴുതുന്നു

7. <u>കഥാപുസ്തകം - നൽകൽ</u>

വായന, കുറിപ്പ് തയ്യാറാക്കൽ

8. <u>CD പ്രദർശനം</u>

ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം - എഴുതാനവസരം.

9. <u>ഭിന്നശേഷിക്കാരെ പരിഗണിക്കൽ</u>

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം.

10. <u>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ</u>

ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന group ആക്കുന്നു. എത്ര പുസ്തകം വായിക്കാം, വായനക്കുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച വായനാക്കുറിപ്പ് അസംബ്ലി, ആകാശവാണി ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം.

11. <u>ക്ലാസ് ലൈബ്രറി രൂപീകരിക്കൽ</u>

കുട്ടികളുടെ സഹായത്തോടെ UP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

12. <u>സ്കൂൾ ലൈബ്രറി നവീകരണം</u>

സ്കൂൾ ലൈബ്രറി നവീകരണം. പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തകവിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്ത്ഡേ പുസ്തകശേഖരണം.

13. <u>സമീപ ഗ്രന്ഥശാല അംഗത്വം</u>

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം.

14. <u>വായനോത്സവം സംഘടിപ്പിക്കൽ</u>

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്കാരം. (പാഠഭാഗവുമായി ബന്ധപ്പെട്ട്) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

15. <u>പത്രവായന</u>

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ - വായന - എഴുത്ത്. പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

16. <u>അമ്മ വായന</u>

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനാവസരം - വായനാമുറി - വായനാക്കുറിപ്പ് തയ്യാറാക്കൽ - മികച്ച കുറിപ്പ് കണ്ടെത്തൽ - പ്രോത്സാഹനം അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ, ശിൽപ്പശാല.

Scanned with OKEN Scanner

17. <u>പുസ്തകചർച്ച - വായനാനുഭവം പങ്കുവയ്ക്കൽ</u>

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ. മാസത്തിൽ ഒരു ദിവസം.

18. <u>വായനാക്കുറിപ്പ്</u>

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

19. <u>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം</u>

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം - വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ സാഹിത്യകാരന്മാരെ ക്ഷണിക്കൽ.

20. <u>ക്ലാസ്, സ്കൂൾ ബാലസഭകൾ</u>

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം. വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കൽ പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം.

21. <u>ദിനാചരണങ്ങൾ</u>

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

22. <u>ആകാശവാണി ക്ലബ്ബ്</u>

കുട്ടികളുടെ സർഗ്ഗവികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച് കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരെ, ക്ലാസ്സുകാരെ കണ്ടെത്തൽ, പ്രോത്സാഹനം.

23. <u>സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം</u>

സാഹിത്യവാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ, പുസ്തക രചനാ തന്ത്രങ്ങളറിയാൻ, കഥ, കവിത രൂപീകരണം മനസിലാക്കാൻ, ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

24. <u>ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും</u>

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതായി വിവിധ പ്രവർത്തനം, മത്സരങ്ങൾ.

25. <u>വായനാസാമഗ്രികൾ വികസിപ്പിക്കൽ</u>

UP കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ, കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാശില്പശാല സംഘടിപ്പിക്കൽ, രചനകൾ സ്പൈറൽ ബൈൻഡ് ചെയ്തു ഉപയോഗിക്കൽ.

26. <u>ഇ-വായന - സാധ്യത കണ്ടെത്തൽ</u>

വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, വായനക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം 'ഇ' പേപ്പറുകൾ പരിചയപ്പെടുത്തൽ വിവിധ കൃതികൾ, കവിത, എന്നിവ വീഡിയോ കാണൽ.

27. <u>വായനാക്കൂട്ടം, എഴുത്തുകൂട്ടം - മോണിറ്ററിംഗ്</u>

അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ BRC, DIET അധ്യാപകർ, മറ്റ് സ്കൂളിലെ അധ്യാപകർ, എന്നിവരുടെ സേവനം.

Scanned with OKEN Scanner

28. <u>കാവ്യകൂട്ടം</u>

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രാദേശിക സാഹിത്യകാരൻ, കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യകൂട്ടം സംഘടിപ്പിക്കുന്നു. (BRCയുടെ സഹായത്തോടെ)

29. <u>എഴുത്തുകൂട്ട രൂപീകരണം</u>

കുട്ടികളെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ, മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

30. <u>സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം</u>

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി, കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

31. <u>വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ</u>

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ, വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം list ചെയ്യൽ, വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ, വിവിധ മേഖലയിൽ സാഹിത്യ സൃഷ്ടി നടത്തൽ, വിവിധ സാഹിത്യ മേഖലകളിലുള്ള വ്യക്തികളുടെ ആഗമനം സംവാദം, അഭിമുഖം.

32. <u>ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ്</u>

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം.

33. <u>വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ</u>

പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ - പതിപ്പ് - പ്രകാശനം.

34. <u>പൊതുവേദിയിലെ പ്രകടനങ്ങൾ</u>

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്ബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം. യോഗങ്ങൾ സംഘടിപ്പിക്കൽ.

35. <u>വ്യക്തിഗത രചന, സംഘരചന</u>

കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ.

36. <u>ഭാഷാ പ്രോജക്ടുകൾ</u>

ഭാഷയെ കൂടുതൽ മനസിലാക്കാനും ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

37. <u>രചയിതാക്കളെ പരിചയപ്പെടൽ</u>

അസംബ്ലിയിൽ ഒരു ഇനമാകണം. കൃതികൾ സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ കുറിപ്പുകൾ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ്, പവർ പോയിന്റ് അവതരണം. രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി (പ്രതിമാസം) ജൂലൈ - ബഷീർ, ആഗസ്റ്റ് എസ്.കെ.പൊറ്റക്കാട്.

Scanned with OKEN Scanner

38. <u>ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ</u>

BRC, IED, Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കൽ പ്രോത്സാഹനം. പ്രഗത്ഭരുടെ സേവനം.

39. <u>സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി</u>

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ പുസ്തകങ്ങൾ, മഹത് വചനങ്ങൾ, ജീവചരിത്രകുറിപ്പുകൾ, ആസ്വാദനകുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ.

Scanned with OKEN Scanner